# വാർഷിക റിപ്പോർട്ട് 2010-2011

1) **കമ്മീഷന്റെ ഭരണഘടന**

സമൂഹത്തിൽ പിന്നാക്കം നില്ക്കുന്നവരെ മറ്റു പിന്നാക്ക വിഭാഗക്കാരുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകളും മറ്റു പിന്നാക്ക വിഭാഗക്കാരുടെ പട്ടികയിൽ ഏതെങ്കിലും മറ്റു പിന്നാക്ക വിഭാഗത്തെ കൂടുതലായി ഉൾപ്പെടുത്തിയെന്നോ ഉൾപ്പെടുത്തിയത് കുറഞ്ഞുപോയെന്നോ ഉള്ള പരാതികൾ സ്വീകരിക്കുന്നതിനും അവ പരിശോധിച്ച് സർക്കാരിനു ഉപദേശം നൽകുന്നതിനും വേണ്ടി 1993-ലെ കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ ആക്ട് പ്രകാരം (1993-ലെ ആക്ട് 11) രൂപീകരിച്ചിട്ടുള്ളതാണ് കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ. അനുബന്ധം I ആയി ആക്ട് ഉൾപ്പെടുത്തിയിരിക്കുന്നു. 1993-ലെ നിയമത്തിന് 2000-ലെ ആക്ട് 10 അനുസരിച്ച് ഒരു ഭേദഗതി വരുത്തിയിട്ടുള്ളതും ആയത് 18.01.2000-ൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതുമാകുന്നു. (അനുബന്ധം III ആയി ഉൾപ്പെടുത്തിയിരിക്കുന്നു.)

2) **അധിക ചുമതലകൾ**

പിന്നാക്ക വിഭാഗ കമ്മിഷൻ ആക്ട് 1993-ലെ 11-ാം വകുപ്പ് പ്രകാരം പിന്നാക്കവിഭാഗക്കാരുടെ പട്ടിക കാലാകാലങ്ങളിൽ പുതുക്കുക എന്ന ചുമതല ഗവൺമെന്റിൽ നിക്ഷിപ്തമായിട്ടുള്ളതും അതിനുള്ള ഉപദേശം സർക്കാരിനു സമർപ്പിക്കേണ്ട ചുമതല ഈ കമ്മീഷനിൽ അർപ്പിതമായിട്ടുള്ളതുമാണ്. അതിനു അത്യാവശ്യമായിട്ടുള്ള സോഷ്യോ ഇക്ണോമിക് സർവ്വെ 2007-ൽ ഉത്തരവായിയെങ്കിലും ഇതുവരെ നടത്താൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് പട്ടിക പുതുക്കാനും സാധിക്കുന്നില്ല.

കൂടാതെ 1995-ലെ റിസർവേഷൻ നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളുടെ പുരോഗതിയെ സംബന്ധിച്ചുള്ള ഒരു റിപ്പോർട്ട് കേരള നിയമസഭയ്ക്ക് വയ്ക്കേണ്ടതാണ്. അതിന്റെ ഭാഗമായി ഒരു വെബ് പോർട്ടൽ തുടങ്ങുവാനും തീരുമാനിച്ചു.

3) **കമ്മീഷന്റെ ഘടന**

ആക്ടിലെ മൂന്നാം വകുപ്പ് പ്രകാരം കമ്മീഷന്റെ അദ്ധ്യക്ഷൻ സുപ്രീം കോടതി ജഡ്ജിയോ ഹൈക്കോടതി ജഡ്ജിയോ ആയിരുന്ന വ്യക്തിയും കമ്മീഷൻ മെമ്പർ

സെക്രട്ടറി പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് സെക്രട്ടറിയും രണ്ട് അംഗങ്ങൾ പിന്നാക്ക വിഭാഗങ്ങളുടെ കാര്യങ്ങളെ സംബന്ധിച്ച് പ്രത്യേക പരിജ്ഞാനം ഉള്ളവരും ആണ്.

കമ്മീഷന്റെ അദ്ധ്യക്ഷനായി റിട്ട. ജസ്റ്റിസ് ജി. ശിവരാജൻ അവർകളുടെ സേവന കാലാവധി 27/01/2011-ന് പൂർത്തിയായിരുന്നു. 17/02/2011-ലെ സ. ഉ (പി) നം. 19/2011/പജപവവിവ-ന്റെ (21/02/2011 -ലെ വിജ്ഞാപനം എസ്.ആർ.ഒ നം. 137/2011) അടിസ്ഥാനത്തിൽ വീണ്ടും നിയമിതനായ അദ്ദേഹം 21/02/2011 മുതൽ ചുമതലയേറ്റ് കമ്മീഷന്റെ അദ്ധ്യക്ഷ പദവി അലങ്കരിച്ചു വരുന്നു.

1/03/2011-ലെ സ.ഉ (പി) നം. 31/2011/പജപവവിവ-ന്റെ (1/03/2011-ലെ സർക്കാർ വിജ്ഞാപനം എസ്.ആർ.ഒ നം. 178/2011) അടിസ്ഥാനത്തിൽ മെമ്പർമാരായി നിയമിതരായ ശ്രീ. മുല്ലൂർക്കര മുഹമ്മദ് അലി സഖാഫി 03/03/2011 മുതലും ശ്രീ. കെ. ജോൺ ബ്രിട്ടോ 07/03/2011 മുതലും കമ്മീഷനിൽ ചുമതലയേറ്റ് സേവനമനുഷ്ഠിച്ചു വരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറി ശ്രീ. വി.ആർ. പത്മനാഭൻ ഐ.എ.എസ് മെമ്പർ സെക്രട്ടറിയായി ചുമതല നിർവഹിച്ചു വരുന്നു.

**4) <u>അധികാരങ്ങളും ജീവനക്കാരും</u>**

കമ്മീഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും കെ.എസ്.സി.ബി.സി നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം സർക്കാർ അനുവദിച്ചിട്ടുണ്ട്. സർക്കാർ അഡീഷണൽ സെക്രട്ടറി ശ്രീമതി. സി. റജീന കമ്മീഷന്റെ രജിസ്ട്രാർ ആയി റിപ്പോർട്ടു വർഷം സേവനമനുഷ്ഠിച്ചു.

**5) <u>ധനം</u>**

കെ.എസ്.സി.ബി.സി ആക്ട് 12-ാം വകുപ്പ് പ്രകാരം കമ്മീഷന്റെ പ്രവർത്തനത്തിന് ആവശ്യമായ തുക സർക്കാർ ഗ്രാന്റ് ആയി കമ്മീഷനു നൽകുന്നു.

2010-2011 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ കമ്മീഷനു സഹായ ധനമായി വകകൊള്ളിച്ചിരുന്ന 79,00,000/- രൂപ അനുവദിക്കുകയും അത് കമ്മീഷന്റെ ആവശ്യങ്ങൾക്കായി ചെലവഴിക്കുകയും ചെയ്തു.

**6) <u>കമ്മീഷന്റെ അക്കൗണ്ടും ആഡിറ്റും</u>**

കെ.എസ്.സി.ബി.സി ആക്ടിലെ വകുപ്പ് 13 (2) പ്രകാരം കമ്മീഷന്റെ അക്കൗണ്ട്സ് ഇന്ത്യൻ കംപ്ട്രോളർ ആന്റ് ആഡിറ്റ് ജനറലിന്റെ തീരുമാന പ്രകാരം

ഓരോ കാലയളവിലും ആഡിറ്റ് നടത്തി വരുന്നുണ്ട്. റിപ്പോർട്ടു വർഷത്തിലും ആഡിറ്റ് നടത്തിയിട്ടുണ്ട്.

**7) കമ്മീഷന്റെ ആസ്ഥാനം**

റിപ്പോർട്ടു വർഷത്തിൽ കമ്മീഷൻ വെള്ളയമ്പലം കനകനഗറിൽ അയ്യങ്കാളി ഭവൻ കെട്ടിട സമുച്ചയത്തിന്റെ മൂന്നാം നിലയിൽ പ്രവർത്തിച്ചു വരുന്നു.

**8) പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ**

റിപ്പോർട്ട് വർഷം കമ്മീഷന് 50 അപേക്ഷകൾ ലഭിച്ചു. അവയുടെ ലിസ്റ്റ് അനുബന്ധം III ആയി ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത അപേക്ഷകളിൽ 30 എണ്ണം കമ്മീഷന്റെ പരിധിയിൽപ്പെടുന്നതായിരുന്നില്ല. ആ വിവരം സർക്കാരിനെ യഥാസമയം അറിയിച്ചിട്ടുണ്ട്.

2010-2011 വർഷത്തിൽ തിരുവനന്തപുരത്തു കമ്മിഷൻെറ ആഫീസിൽ വച്ച് 05.04.2010, 04.05.2010, 13.05.2010, 21.05.2010, 05.06.2010, 23.06.2010, 08.07.2010, 26.07.2010, 05.08.2010, 18.08.2010, 03.09.2010, 15.09.2010, 4.10.2010, 19.10.2010, 03.11.2010, 22.11.2010, 02.12.2010, 04.01.2011, 27.01.2011, 03.03.2011, 16.03.2011, എന്നീ തീയതികളിലായി 21 സിറ്റിംഗുകളും 21.04.2010-ൽ പാലക്കാടും 26.11.2010-ൽ കണ്ണൂരും, 29.12.2010-ൽ വയനാടും വച്ച് സിറ്റിംഗുകൾ നടത്തുക യുണ്ടായി. പ്രസ്തുത സിറ്റിംഗുകളിൽ കമ്മിഷനു ലഭിച്ച പരാതികളിൽമേൽ തെളിവെടുപ്പു നടത്തുകയുണ്ടായി. ഈ കാലയളവിൽ നാല്പതോളം കേസുകൾ കമ്മീ ഷന്റെ പരിഗണനയ്ക്ക് വന്നു.

റിപ്പോർട്ട് വർഷം മൂന്ന് കേസുകളിന്മേലുള്ള ശുപാർശ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പാലക്കാട്, തൃശ്ശൂർ ജില്ലകളിൽപ്പെട്ട തണ്ടാൻ സമുദായത്തെ സംസ്ഥാനത്തെ മറ്റു പിന്നോക്ക വിഭാഗങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന ആവശ്യം (ഫയൽ നം.554/സി/06/കെ.എസ്.സി.ബി.സി തീയതി 13/05/2010). കമ്മീഷൻ പരിഗണി ക്കുകയും ഗവൺമെന്റിന് ഉപദേശം നൽകുകയും ചെയ്തു. കമ്മിഷന്റെ ഉപദേശം സർക്കാർ അംഗീകരിച്ച് ജി.ഒ (എം.എസ്സ്) നം.93/10/പജപവവിവ തീയതി 30.08.2010 പ്രകാരം ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയിലെ മറയൂർ, കാന്തല്ലൂർ, കീഴാന്തൂർ, കാരയൂർ, വട്ടവട തുടങ്ങിയ പ്രദേശങ്ങളിൽ താമസിച്ചുവരുന്ന മലയൻ, മലവേടൻ, മലൈപണ്ടാരം തുടങ്ങിയ ജാതിയിൽ ഉൾപ്പെട്ടിട്ടുള്ള വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന ആവശ്യം കമ്മീഷൻ പരിഗണി

ക്കുകയും ഗവൺമെന്റിന് ഉപദേശം നൽകുകയും ചെയ്തു. (ഫയൽ നം. 156/സി/2008/കെ.എസ്.സി.ബി.സി തീയതി 13/05/2010) കമ്മിഷന്റെ ഉപദേശം സർക്കാർ അംഗീകരിച്ച് ജി.ഒ. (പി) നം.89/10/പജപവവിവ തീയതി. 03.08.2010 പ്രകാരം ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൊങ്കുവെള്ളാള ഗൗണ്ടർ സമുദായത്തെ സംസ്ഥാനത്തെ പിന്നോക്ക വിഭാഗങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച ആവശ്യം പരിഗണിക്കുകയും പ്രസ്തുത വിഷയത്തിൽ ഗവൺമെന്റിന് ഉപദേശം നൽകുകയും ചെയ്തു. (ഫയൽ നം. 253/സി/07/കെ.എസ്.സി.ബി.സി തീയതി 10.06.2009) അനുബന്ധം - IV കാണുക.

31.03.2011 വരെ തീരുമാനമാകാതെ കമ്മിഷനിൽ ശേഷിക്കുന്ന കേസുകളുടെ വിവരം അനുബന്ധം V -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**9) ജനറൽ**

റിപ്പോർട്ട് വർഷം സർക്കാരിന് കമ്മിഷൻ നൽകിയിട്ടുള്ള ഉപദേശം സ്വീകരിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചതിൽ കമ്മിഷന് സന്തുഷ്ടിയുണ്ട്. ഫീൽഡ് സ്റ്റഡി നടത്തുന്നതിന് കോഴിക്കോട് കിർത്താഡ്സിനെ ചുമതലപ്പെടുത്തിയിട്ടുള്ള കേസുകളിൽ റിപ്പോർട്ട് ലഭിക്കാത്തതിനാൽ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ആ കേസുകൾ തീർപ്പു കൽപ്പിക്കാൻ സാധിക്കുകയുള്ളു. കമ്മീഷന്റെ പ്രവർത്തനങ്ങളും ചുമതലകളും കാര്യക്ഷമമായും ഫലപ്രദമായും നിർവഹിക്കുന്നതിനു കമ്മീഷനിൽ ഒരു നരവംശ ശാസ്ത്ര റിസർച്ച് വിഭാഗം ആരംഭിക്കുന്നതിനുള്ള ഒരു നിർദ്ദേശം സർക്കാരിന് സമർപ്പിച്ചിരുന്നു എങ്കിലും ഇതേവരെ തീരുമാനമായില്ല. ഈ റിസർച്ച് വിഭാഗം അനുവദിച്ചിരുന്നു എങ്കിൽ ഇപ്രകാരമുള്ള കാലതാമസം ഒഴിവാക്കാമായിരുന്നു.

<u>അനുബന്ധം-III</u>

## 2010- 2011 വർഷത്തിൽ കമ്മിഷനിൽ ലഭിച്ച നിവേദനങ്ങളുടെ വിശദവിവരം

1. സർക്കാർ കത്ത് നം. 3326/എഫ്1/10/പജപവവിവ തീയതി 17.04.2010– തൊട്ടിയൻ സമുദായത്തെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

2. സർക്കാർ കത്ത് നം. 5339/സി/10/പജപവവിവ തീയതി. 03.04.2010 - യുണൈറ്റഡ് മുസ്ലീം ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ 30/01/2010-ന് നടന്ന പ്രത്യേക സമ്മേളനം അംഗീകരിച്ച പ്രമേയം സംബന്ധിച്ച്
3. സർക്കാർ കത്ത് നം. 7896/സി/10/പജപവവിവ തീയതി. 14.05.2010- -പിന്നോക്ക സമുദായ ക്ഷേമസമിതി പിന്നോക്ക സമുദായ സംവരണം പരിഷ്കരിക്കണമെന്ന ആവശ്യം സംബന്ധിച്ച് ആൾ ഇൻഡ്യ വീരശൈവ മഹാസഭയുടെ നിവേദനം.
4. മാനസികമായി പീഡിപ്പിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണമെന്ന ആവശ്യം സംബന്ധിച്ച് ശ്രീ. തുമ്പായി അനിലും മറ്റുള്ളവരും നൽകിയ 05/06/2010-ലെ നിവേദനം.
5. കുറിക്കൻ സമുദായം ഏത് പിന്നോക്ക വിഭാഗത്തിൽപ്പെടുന്നു എന്ന് സർട്ടിഫിക്കറ്റ് അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച് ശ്രീമതി. വി.കെ. വിലാസിനിയുടെ 01/06/2010-ലെ നിവേദനം.
6. സർക്കാർ കത്ത് നം. 7895/എഫ്3/10/പജപവവിവ തീയതി. 31.05.2010- പിന്നോക്ക സമുദായ ക്ഷേമ സമിതി - ലത്തീൻ സമുദായത്തിന് 4% ഉം ആംഗ്ലോ ഇൻഡ്യൻ സമുദായത്തിന് 2% ഉം ഉൾപ്പെടെ 6% സംവരണം പുന:സ്ഥാപിക്കണമെന്ന ആവശ്യവും സംബന്ധിച്ച് കേരള ലാറ്റിൻ കാത്തലിക് അസോസിയേഷന്റെ നിവേദനം.
7. സർക്കാർ കത്ത് നം. 8080/എഫ്1/10/പജപവവിവ തീയതി. 09.06.2010- പപ്പടതൊഴിലാളികൾക്ക് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച്
8. എതിർകക്ഷിയുടെ അസാന്മാർഗ്ഗിക പ്രവൃത്തികൾ ഉൾപ്പെടെയുള്ള ഹീനമായ പ്രവർത്തനങ്ങൾക്കെതിരെ നടപടി സ്വീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച ശ്രീ. ടി. ബാലകൃഷ്ണന്റെ പരാതി.
9. കേന്ദ്രപ്രതിരോധ മന്ത്രാലയത്തിന്റെ ഉത്തരവ് ലഭ്യമാക്കണമെന്ന ആവശ്യം സംബന്ധിച്ച് ശ്രീ. ഷാജികുമാർ, കരകുളം-ന്റെ 29.06.2010-ലെ നിവേദനം.
10. സർക്കാർ കത്ത് നം. 12039/എഫ്2/08/പജപവവിവ തീയതി 23.06.2010- ഉയർന്ന വിദ്യാഭ്യാസത്തിന് വിൽകുറുപ്പ് സമുദായത്തിന് 27% സംവരണം നൽകണമെന്ന ആവശ്യം സംബന്ധിച്ച്
11. സർക്കാർ കത്ത് നം. 15640/എഫ്3/10/പജപവവിവ തീയതി 16.07.2010- പത്തുകുടി സമുദായത്തിന് സംവരണം നൽകണമെന്നാവശ്യം സംബന്ധിച്ച്
12. സർക്കാർ കത്ത് നം. 15898/എഫ്3/10/പജപവവിവ തീയതി 19.07.2010- ലാറ്റിൻ കാത്തലിക് വിഭാഗത്തിലെ സമുദായാംഗങ്ങൾക്ക് സംവരണാനുകൂല്യം നൽകണമെന്ന ആവശ്യം സംബന്ധിച്ച്

13. ചെട്ടി സമുദായത്തിന്റെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് 28/07/2010 -ന് കേരള ചെട്ടി മഹാസഭ, സംസ്ഥാന കമ്മിറ്റി തിരുവനന്തപുരം നൽകിയ നിവേദനം.
14. 03/08/2010-ന് വിവരാവകാശ നിയമം വഴി മലങ്കര നാടാർ മുവ്മെന്റ് നൽകിയ നിവേദനം സംബന്ധിച്ച്
15. ചെക്കാല സമുദായത്തിന് ഉന്നത വിദ്യാഭ്യാസ ആനുകൂല്യം നൽകണമെന്ന ആവശ്യം സംബന്ധിച്ച് ആൾ കേരള ചെക്കാല സമുദായ സംഘം ട്രസ്റ്റിന്റെ നിവേദനം.
16. 17/08/2010-ന് ബസ് ജീവനക്കാർ മർദ്ദിച്ചതായി ശ്രീ. വി. ശശികുമാറിന്റെ പരാതി സംബന്ധിച്ച്.
17. ശ്രീ. ചന്ദ്രന്റെ പോലീസ് പീഡനവുമായി ബന്ധപ്പെട്ട പരാതി.
18. നെയ്ത്ത് കുലത്തൊഴിലാക്കിയിട്ടുള്ള കേരളത്തിലെ ജാതി വിഭാഗങ്ങൾക്ക് 'നെയ്ത്തുകാർ' എന്ന പേരിൽ ഏകീകൃത ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് സംബന്ധിച്ച് ശ്രീ. കെ. പുരുഷോത്തമൻ സമർപ്പിച്ച നിവേദനം.
19. തന്നെ പീഡിപ്പിക്കുന്നതായി ശ്രീ. സന്തോഷ് കുമാർ നൽകിയ പരാതി സംബന്ധിച്ച്
20. ജസ്റ്റിസ് രാജേന്ദ്രബാബു കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതും ഒ.ബി.സിയിലെ ക്രീമിലെയർ നിർണ്ണയിക്കുന്നത് - ധീവര സമുദായം - നൽകിയ പരാതി സംബന്ധിച്ച്
21. സർക്കാർ കത്ത് നം. 15584/എഫ്3/10/പജപവവിവ തീയതി 18.08.2010- -ജാതി സർട്ടിഫിക്കറ്റ് ബോയൻ സമുദായങ്ങൾക്ക് നൽകണമെന്ന ആവശ്യം സംബന്ധിച്ച്
22. മഹേന്ദ്ര മേതര സമുദായത്തിന് ആനുകൂല്യങ്ങൾ നൽകണമെന്ന ആവശ്യം സംബന്ധിച്ച് ആൾ ഇൻഡ്യ മഹേന്ദ്ര മേതര മഹാസഭയുടെ 13/10/2010 -ലെ നിവേദനം.
23. ഹിന്ദു തച്ചൻ സമുദായത്തിന്റെ വ്യക്തത -സംബന്ധിച്ച്
24. ശ്രീമതി. മാളു പോലീസിൽ നൽകിയ നിവേദനത്തെ സംബന്ധിച്ച്
25. സർക്കാർ കത്ത് നം. 18744/എഫ്3/10/പജപവവിവ തീയതി 13.09.2010- തച്ചൻ സർവ്വീസ് സൊസൈറ്റിയുടെ നിവേദനം സംബന്ധിച്ച്.
26. MBCF -ന്റെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. ബി. ശശിധരൻ പിള്ള, പ്രസിഡന്റ് സമർപ്പിച്ച നിവേദനം.
27. സർക്കാർ കത്ത് നം. 4722/എഫ്3/10/പജപവവിവ തീയതി. 27.09.2010- പിന്നോക്ക സമുദായ ക്ഷേമ സമിതി- വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് വിശ്വകർമ്മ സർവ്വീസ് സൊസൈറ്റി, സെക്രട്ടറി നൽകിയ നിവേദനം.

28. സർക്കാർ കത്ത് നം. 2523/എഫ്3/10/പജപവവിവ തീയതി 29.09.2010- ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ വിവിധ വിഭാഗങ്ങൾക്ക് ജാതിപ്പേര് നൽകുന്നത് സംബന്ധിച്ച്.
29. സർക്കാർ കത്ത് നം. 20267/എഫ്3/08/പജപവവിവ തീയതി 11.10.2010- പണ്ടാരൻ വിഭാഗത്തെ ഒ.ബി.സിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്.
30. സർക്കാർ കത്ത് നം. 21613/എഫ്1/10/പജപവവിവ തീയതി 21.10.2010- ഉദ്യോഗസംവരണം സംബന്ധിച്ച് ശ്രീ. വി. ഉണ്ണികൃഷ്ണന്റെ അപേക്ഷ.
31. സാമ്പത്തിക സഹായത്തിനുള്ള ശ്രീമതി. ഗീത.റ്റി, കൊല്ലത്തിന്റെ അപേക്ഷ
32. ശ്രീ. എ.എൻ. സുബ്രഹ്മണ്യന്റെ വിഷപുക പരത്തുന്നതായുള്ള പരാതി.
33. ശ്രീ. അശോകൻ നിയമനടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട അപേക്ഷ.
34. സർക്കാർ കത്ത് നം. 24322/എഫ്2/10/പജപവവിവ തീയതി 24/11/2010- വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് അഖില കേരള ചെമ്മാൻസമാജം സമർപ്പിച്ച നിവേദനം.
35. ശ്രീമതി. ഷൈലതോമസ് 7/12/2010-ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ ലത്തീൻ കത്തോലിക്ക വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ വ്യാജജാതി സർട്ടിഫിക്കറ്റ് സംബന്ധിച്ച്
36. മറയൂർ, കാന്തല്ലൂർ, കീഴാന്തൂർ, കാരയൂർ വില്ലേജിൽ താമസിക്കുന്ന മലൈവേട്ടൻ വിഭാഗക്കാരുടെ ജാതി പ്രശ്നം സംബന്ധിച്ച് എസ്. രാജേന്ദ്രൻ എം.എൽ.എ നൽകിയ പരാതി
37. ലത്തീൻ കത്തോലിക്ക സമുദായ സർട്ടിഫിക്കറ്റ് വ്യാജമായി നൽകുന്നതായുള്ള പരാതി
38. ഇടുക്കി ജില്ലയിലെ മലയം വിഭാഗത്തിൽപ്പെട്ട വിഭാഗങ്ങളുടെ ജീവിതനിലവാരം.
39. ചെട്ടി സമുദായങ്ങളുടെ വിവിധ ആവശ്യങ്ങൾ.
40. മുസ്ലീം സമുദായത്തിലെ ദഖ്നി കച്ചിമേമൻ എന്ന വിഭാഗത്തെ പിന്നോക്ക സമുദായ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്
41. പിന്നോക്ക വിഭാഗങ്ങളുടെ അവകാശങ്ങളും ആവലാതികളും സംബന്ധിച്ച്
42. അസഭ്യം പറഞ്ഞതായുള്ള ശ്രീ. കൃഷ്ണരാജേഷിന്റെ അപേക്ഷ.
43. ന്യൂനപക്ഷ മുന്നോക്ക ക്രിസ്തീയ വിഭാഗങ്ങൾക്കുള്ള സംവരണം.
44. കെ.റ്റി.ഡി.സി നിയമനങ്ങളിൽ ന്യൂനപക്ഷവും പിന്നോക്കകാരുമായ ലത്തീൻ സമുദായങ്ങളുടെ സംവരണം സംബന്ധിച്ച്
45. മുസ്ലീം ജമാഅത്ത് കൗൺസിലിന്റെ അപേക്ഷ.
46. കുമാരക്ഷത്രീയജാതിക്കാരെ ഒ.ബി.സിയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷ.

47. ദേഹോപദ്രവം ഏൽപ്പിച്ചതായി രാധ നെല്ലിമൂട് സമർപ്പിച്ച പരാതി.
48. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ ശ്രീ. പി. രാജേന്ദ്രപ്രസാദ് സമർപ്പിച്ച പരാതി.
49. ചവളർ സൊസൈറ്റിയുടെ കത്ത്.
50. വ്യാജ ഒ.ബി.സി സർട്ടിഫിക്കറ്റ് വാങ്ങി ബി.എഡ് കരസ്ഥമാക്കിയത്.

അനുബന്ധം-IV

## കമ്മീഷന് ലഭിച്ച കേസുകളിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചതിന്റെ വിശദവിവരം.

1. പാലക്കാട്, തൃശ്ശൂർ ജില്ലകളിൽപ്പെട്ട തണ്ടാൻ സമുദായത്തെ സംസ്ഥാനത്തെ മറ്റു പിന്നോക്ക വിഭാഗങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന ആവശ്യം സംബന്ധിച്ച് (ഫയൽ നം. 554/സി/06/കെ.എസ്.സി.ബി.സി തീയതി 13/05/2010).
2. ഇടുക്കി ജില്ലയിലെ മറയൂർ, കാന്തല്ലൂർ, കീഴാന്തൂർ, കാരയൂർ, വട്ടവട തുടങ്ങിയ പ്രദേശങ്ങളിൽ താമസിച്ചുവരുന്ന മലയൻ, മലവേടൻ, മലൈപണ്ടാരം തുടങ്ങിയ ജാതിയിൽ ഉൾപ്പെട്ടിട്ടുള്ള വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന ആവശ്യം സംബന്ധിച്ച് (ഫയൽ നം. 156/സി/2008/കെ.എസ്.സി.ബി.സി തീയതി 13/05/2010)
3. കൊങ്കുവെള്ളാള ഗൗണ്ടർ സമുദായത്തെ സംസ്ഥാനത്തെ പിന്നോക്ക വിഭാഗങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന ആവശ്യം സംബന്ധിച്ച് ( ഫയൽ നം. 253/സി/07/കെ.എസ്.സി.ബി.സി തീയതി 10.06.2009)

**അനുബന്ധം -V**

## 31.03.2011 വരെ തീരുമാനമെടുക്കാതെ കമ്മീഷനിൽ ശേഷിക്കുന്ന കേസുകളുടെ വിവരം

1. യാദവസഭ
2. മാളവ
3. ഈഴവ & ബില്ലവ
4. കമ്മാറ, മറാത്തി
5. ക്രിസ്തുമതത്തിലേക്ക് മതമാറ്റം നടത്തിയ പിന്നോക്ക വിഭാഗങ്ങൾ
6. കൊങ്കിണി കത്തോലിക്ക ക്രിസ്ത്യൻ
7. മെക്ക
8. ഗണക
9. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത എസ്.ഐ.യു.സി നാടാർ ഒഴികെ ഉള്ളവർ
10. വണികവൈശ്യ
11. എഴുത്തച്ഛൻ
12. നായിഡു
13. വെള്ളാള ഷെട്ടി
14. ആന്തൂർ നായർ
15. വിളക്കിത്തലനായർ
16. മുവാരി-മുഖാരി
17. 24 മന തെലുങ്ക് ചെട്ടി
18. കളരിപണിക്കർ
19. കളനാടി
20. കുടുംബി
21. പത്മസാലി സമാജം

22. ആംഗ്ലോ ഇൻഡ്യൻ
23. പെന്തക്കോസ്ത് ക്രിസ്ത്യാനികൾ
24. സരസ്വത്ത് നോൺ ബ്രാഹ്മണർ
25. തുറുക്കാർ
26. പണ്ഡിതർ

27. കൊങ്കുവെള്ളാള
28. തീയ്യ കാവുതീയ്യ
29. യോഗീശ്വര
30. വാണിയ
31. വിശ്വകർമ്മസഭ
32. കത്തോലിക്കാ കമ്മാളർ
33. മാനവ ഐക്യവേദി
34. ഹനഫി
35. മൺപാത്ര നിർമ്മാണ സമുദായ സഭ
36. വെളുത്തേടത്ത് നായർ
37. ചക്കാല നായർ
38. മുതലിയാർ
39. റാവുത്തർ
40. തമ്മാളി സമുദായം
41. ബേസൽ മിഷൻ കമ്മ്യൂണിറ്റി
42. ഈഴവാത്തി സഹോദര സമാജം
43. ധീവര
44. വടുക
45. ഗജ്ഞം റെഡ്ഡി
46. ജയിൻ മിനോരിറ്റി സെൽ
47. കുറിക്കൻ സമുദായം
48. തീരദേശ വികസന സമിതി
49. മലയാള ബ്രാഹ്മണസഭ
50. പത്തുകുടി സമുദായം
51. ബോയൻ
52. മഹേന്ദ്ര മേത്ത മഹാസഭ

53. വയനാടൻചെട്ടി
54. ദഖ്നി, കച്ചിമേമൻ സമുദായം
55. ചവളർ സമുദായം
56. കൈക്കോളൻ സമുദായം
57. കുമാരക്ഷത്രിയ സംഘം
58. നാടാർ മഹാജന സംഘം
59. സുകുമാര വിജയം നായർ സമാജം
60. തോട്ടിയൻ സമുദായം
61. നാടാർ സമുദായം
62. പുള്ളുവൻ
63. ലത്തീൻ കത്തോലിക്ക
64. വീരശൈവ
65. എം.ബി.സി.എഫി-ന്റെ നിവേദനം
66. അഞ്ചുനാട് വെള്ളാളർ സമുദായം